# KERALA STATE ELECTRICITY REGULATORY COMMISSION

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org


## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചെലവ്:
## ഡിസംബർ 17ന് പബ്ളിക്ക് ഹിയറിംഗ്
## പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നല്കാം

09.12.2013

### പത്രക്കുറിപ്പ്

വൈദ്യുതി സപ്ളൈ കോഡ് 2005 പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വേണ്ടി വരുന്ന ചെലവുകൾ കെട്ടിട ഉടമയോ സ്ഥാപനം നടത്തുന്ന വ്യക്തിയോ ഒടുക്കണമെന്നാണ് വ്യവസ്ഥ. ഇപ്രകാരം ഈടാക്കേണ്ടി വരുന്ന നിരക്കുകൾ നിശ്ചയിക്കേണ്ടിവരുമ്പോൾ ബന്ധപ്പെട്ട ലൈസൻസികൾ വൈദ്യുതി റെഗുലേറ്ററി കമ്മിഷനിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. 2012ന് മുൻപ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള ഉത്തരവിലെ നിരക്കുകളാണ് നിലവിൽ അടിസ്ഥാന മാനദണ്ഡമായി വൈദ്യുതി ബോർഡ് എടുത്തിട്ടുള്ളതും കമ്മിഷൻ അംഗീകാരം നൽകിയിട്ടുള്ളതും. എന്നാൽ നിലവിലെ കൂലിയുടെയും സാധനസാമഗ്രികളുടെ വിലയുടെയും വർദ്ധന പരിഗണിച്ച് മരാമത്ത് വകുപ്പ് 2012 ൽ നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ വൈദ്യുതി കണക്ഷൻ നല്കുന്നതിനുവേണ്ടിവരുന്ന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച കൂലി നിരക്കുകളും സാധന സാമഗ്രികളുടെ നിലവിലുള്ള വിലയും പരിഗണിച്ചുകൊണ്ട് നിരക്ക് തയ്യാറാക്കാൻ അനുമതി നല്കണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മിഷന് പെറ്റിഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പെറ്റിഷനിൽ ഡിസംബർ 17ന് രാവിലെ 11 മണിക്ക് കമ്മിഷന്റെ തിരുവനന്തപുരം ഓഫീസിൽ വാദം കേൾക്കുന്നതാണ്. സർവ്വീസ് കണക്ഷൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ, ട്രാൻസ്ഫോർമർ, സ്ട്രീറ്റ് ലൈറ്റ്, റിംഗ് മെയിൻ യൂണിറ്റ് എന്നിങ്ങനെ 5 വിഭാഗങ്ങളിലായി മൊത്തം 64 എസ്റ്റിമേറ്റുകളാണ് തയ്യാറാക്കേണ്ടി വരുന്നത്. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം. പെറ്റിഷന്റെ പൂർണ്ണ രൂപവും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തവും കമ്മിഷന്റെ www.erckerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

sd/-

സെക്രട്ടറി